


വര : വി.എസ്. ഗിരീശൻ

# സൈനിക ആസൂത്രണം ആഗോളവത്ക്കരണം

നോംചോസ്കി

പരിഭാഷ : കെ.എം. വേണുഗോപാൽ

(കഴിഞ്ഞലക്കം തുടർച്ച)

ബാഹ്യാകാശത്തെ സൈനിക വൽക്കരിക്കുന്നതിലുള്ള കടമ്പകൾ കടക്കാനുള്ള പദ്ധതികൾ "മിസൈൽ പ്രതിരോധം, 'ബാലിസ്റ്റിക് മിസൈൽ പ്രതിരോധം' എന്നൊക്കെയാണ് വിളിക്കപ്പെടുന്നത്. 'പ്രതിരോധം' എന്നു കേൾക്കുമ്പോൾ ആക്രമണം നിലനിൽക്കുന്നതായി ആരും സങ്കല്പിക്കും, യഥാർത്ഥത്തിൽ ആക്രമണോത്സുകമായ ഏത് പ്രവർത്തനത്തെയും 'പ്രതിരോധം' എന്നാണ് വിളിക്കുന്നത്; ഇക്കാര്യത്തിൽ ഇത് പകൽപോലെ വ്യക്തമാണുതാനും. ശൂന്യാകാശത്തിന്റെ സൈനികവൽക്കരണത്തിന്റെ മുഖ്യലക്ഷ്യം അവിടം ആയുധങ്ങൾകൊണ്ടു നിറക്കലാണ്. ഇത് പച്ചയായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. സാമാന്യജനങ്ങളെ ഈ സംഗതി അറിയുന്നതിൽനിന്നും ഒഴിവാക്കിനിർത്തുന്നതിൽ അഭ്യസ്തവിദ്യരുടെ വർഗ്ഗം പ്രത്യേകമായും ശിക്ഷണം ചെയ്യപ്പെട്ടിരിക്കുന്നു. എന്നാൽ സത്യസന്ധതയും വ്യക്തതയും സുതാര്യതയും പുലർത്തുന്ന രേഖകൾ അനേകവർഷങ്ങളായി ലഭ്യമാണ്. നിങ്ങൾക്കവ ഇന്റർനെറ്റിൽ വായിക്കാൻ കഴിയും. യു. എസ് സ്പേസ് കമാണ്ട് രേഖകളിൽ നിർവചിക്കപ്പെട്ടിരിക്കുന്ന ലക്ഷ്യം ആഗോളമേധാവിത്വമാണ്. "ഹെഗിമണി" എന്ന് അവർ വിളിക്കുന്ന ഈ സൈനികമേധാവിത്വത്തിന്റെ ഉദ്ദേശ്യം "യു.എസ് നിക്ഷേപങ്ങളും താൽപ്പര്യങ്ങളും സംരക്ഷിക്കലാണ്." അതിന് ഉപോൽബലകമായി ചരിത്രവും അവ പറഞ്ഞുവെക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ രാഷ്ട്രങ്ങൾ കരസൈന്യവും നാവികസൈന്യവും നിലനിർത്തിയിരുന്നത് വാണിജ്യ താൽപര്യങ്ങൾ സംരക്ഷിക്കാനും പോഷിപ്പിക്കാനുമായിരുന്നുവെന്നും, എന്നാൽ ഇന്ന് നമുക്കു മുന്നിൽ (ബാഹ്യാകാശത്തിന്റെ) ഇങ്ങനെയൊരു അതിർത്തിരേഖകൂടി കടക്കാനുണ്ടെന്നും ആണ് ആ രേഖകളിൽ പറയുന്നത്. തന്മൂലം ബാഹ്യാകാശം സൈനികവൽക്കരിച്ചുകൊണ്ട് വാണിജ്യതാൽപര്യങ്ങൾ നിലനിർത്തുന്നതിലും പോഷിപ്പിക്കുന്നതിലും അടുത്ത കാൽവെയ്പിന് യു. എസ് തയ്യാറാണെന്ന് അവ പ്രസ്താവിക്കുന്നു.

ഇത് അങ്ങേയറ്റം അപകടകരമായ ഒരു സ്ഥിതിവിശേഷമാണ്. സാങ്കേതിക പദാവലികളിൽനിന്ന് അത് പൊതുവെ 'സാധാരണ അപകടങ്ങളായി' കരുതപ്പെടുന്നതുകൊണ്ടോ, ശത്രുപക്ഷത്ത് പ്രതീക്ഷിക്കപ്പെടുന്ന പ്രതികരണങ്ങൾ കൊണ്ടോ എന്തുകാരണം കൊണ്ടായാലും ഒരു സാധാരണ അപകടം എന്നതുകൊണ്ടർത്ഥമാക്കുന്നത് സങ്കീർണ്ണമായ ഒരു വ്യവസ്ഥയിൽ നിങ്ങൾ പ്രതീക്ഷിക്കുന്ന ഒന്നാണ്. അത് എപ്പോൾ ആണ് നടക്കുക എന്നതുമാത്രം പറയാനാവില്ലെങ്കിൽപ്പോലും. ആസൂത്രണം ചെയ്യപ്പെടുന്ന ആയുധസജ്ജീകരണങ്ങളാകട്ടെ ന്യൂക്ലിയർ ആയുധങ്ങളെപ്പോലും വെല്ലുന്ന നശീകരണക്ഷമതയോടുകൂടിയവയാണ്. ആണവശക്തിയാൽ പ്രവർത്തിക്കുന്ന ലേസർ ആയുധങ്ങൾ ഒറ്റയ്ക്കെടുത്താൽ തന്നെ അവ ശൂന്യാകാശത്ത് അങ്ങേയറ്റം അപകടകരമായ സ്ഥിതിവിശേഷമുണ്ടാക്കുന്നു. ഈ ആയുധങ്ങൾ, തലനാരിഴ വ്യത്യാസങ്ങൾപോലും കൃത്യമായി കണക്കുകൂട്ടി നിർത്തിയിരിക്കുന്ന ആട്ടോമാറ്റിക് സംവിധാനങ്ങളാണ്. ചെറിയ ഒരു മുന്നറിയിപ്പ് ലഭിച്ചാൽ അവ നേരിട്ട് പ്രവർത്തിക്കാൻ തുടങ്ങും (Launch on warning system). കാരണം മറുപക്ഷത്ത് ഒരു അവസരവും അനുവദിക്കാത്ത വിധം ആക്രമണം നടപ്പാക്കുക എന്നതാണ് അവയുടെ ലക്ഷ്യം. നിങ്ങളുടെ ഉപഗ്രഹങ്ങൾ ആരെങ്കിലും ആക്രമണലക്ഷ്യമാക്കിയാൽ അതോടെ സംവിധാനമാകെ താറുമാറാകും. അതുകൊണ്ട് വമ്പിച്ച നശീകരണശേഷിയുള്ള ആട്ടോമാറ്റിക് സംവിധാനങ്ങൾ ആവശ്യമായി വരികയും അവയിൽ സംഭവിക്കാവുന്ന സ്വാഭാവികമായ അപകടങ്ങൾപോലും ഏവരെയും തുടച്ചുനീക്കാൻ മാത്രം നാശമുണ്ടാക്കുന്ന സ്ഥിതി സംജാതമാകുകയും ചെയ്തു. ഇത് (രാജ്യാന്തര) ഉടമ്പടികളിലൂടെ ഇല്ലാതാക്കാവുന്നതാണെന്ന് എല്ലാവർക്കുമറിയാം. പക്ഷ, ഈ സ്ഥിതി നിർത്തുക

എന്നത് ഇപ്പോൾ നടപ്പുള്ള മൂല്യവ്യവസ്ഥയുമായി പൊരുത്തപ്പെടാത്ത കാര്യമാണ്. നടപ്പ് മൂല്യങ്ങളിൽ നിലനില്പിനേക്കാളും പ്രാധാന്യം ആധിപത്യം ഉറപ്പിക്കലിന്നാണ്. അത് പുതിയതല്ല; വാസ്തവത്തിൽ അനേക നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട് അതിന്. അഭിലഷണീയമായിക്കരുതപ്പെടുന്ന ആധിപത്യത്തിന്റെ സീമകൾ വളരെ വളരെ വലുതായിത്തീർന്നു എന്നതാണ് ഇപ്പോഴത്തെ പുതിയ മാറ്റം.

നാം ആഗോളവൽക്കരണത്തിലേക്ക് തിരിച്ചു പോവുക. തീരുമാനങ്ങൾക്ക് പിന്നിലെ പ്രേരകശക്തി ആഗോളവൽക്കരണത്തിന്റെ സങ്കല്പിത നേട്ടങ്ങളാണെന്നതാണ് പ്രധാന സംഗതി. സാങ്കേതികാർത്ഥത്തിൽ പരാജയവും സങ്കൽപ്പിതമായ സൈദ്ധാന്തികകാഴ്ചപ്പാടിൽ നേട്ടവുമായ ആഗോളവൽക്കരണം ലോകത്ത് വിഭജനം വർദ്ധിപ്പിക്കുന്നു. വർദ്ധിച്ച തോതിൽ നശീകരണശേഷിയുള്ള ആയുധങ്ങൾ കുന്നുകൂടുകയും അവ ആഗോളീകരണം സൃഷ്ടിക്കുന്ന വർദ്ധിച്ചുവരുന്ന ദാരിദ്ര്യത്തിന് ഇരകളായവരുടെ നേർക്ക് തിരിച്ചുനിർത്തുകയും ചെയ്യുമ്പോൾ നിലനിൽപ്പ് ശരിക്കും ഭീഷണിയെ അഭിമുഖീകരിക്കുന്നു. സമചിത്തത നഷ്ടപ്പെട്ട ഒരുകൂട്ടം സ്ഥാപനങ്ങളുടെ വ്യവസ്ഥയ്ക്കുള്ളിൽനിന്ന് ചിന്തിക്കുമ്പോൾ മേൽപ്പറഞ്ഞ അപകടങ്ങളെല്ലാം യുക്തിസഹവും സ്വാഭാവികവുമായി തോന്നാതെ വയ്യ.

"അമേരിക്കയുടെയും ലോകത്തിന്റെയും ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക വികാസത്തിന്റെ കഥ പരിശോധിക്കാം. മേൽപ്പറഞ്ഞ യോഗമടങ്ങിയ രേഖ രചിക്കപ്പെട്ടത് ഈ വർഷമാദ്യം (സാമ്പത്തികവളർച്ചയുടെ) കുമിള പൊട്ടാൻ തുടങ്ങുന്നതിന് മുമ്പാണ്. അതെഴുതുന്ന സമയത്ത് എല്ലാം അത്ഭുതകരമാംവിധം ഭദ്രമായി കരുതപ്പെട്ടിരുന്നു. രണ്ടാം ലോകയുദ്ധത്തിന് ശേഷം ലോകസമ്പദ്‌വ്യവസ്ഥയിൽ തീർത്തും വ്യത്യസ്ഥമായ സ്വഭാവവിശേഷങ്ങളോടുകൂടിയ രണ്ടു ഘട്ടങ്ങൾ ഉണ്ടായിരുന്നു. രണ്ടാം ലോകയുദ്ധം അവസാനിക്കുന്നതുമുതൽ 1970 കൾ വരെ നിലനിന്ന, ബ്രട്ടൻവുഡ് ഘട്ടം ആണ് ആദ്യത്തേത്. ബ്രട്ടൻവുഡ് നിയന്ത്രണങ്ങൾ ശിഥിലമായതോടെ 1970 കൾക്ക് ശേഷം നിലവിൽവന്ന രണ്ടാംഘട്ടമാണ് നിയോലിബറൽഘട്ടം. മൂലധന ഒഴുക്കുകൾക്ക് മേൽ ഭരണകൂടങ്ങൾ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ആണ് ആദ്യഘട്ടത്തിന്റെ അടിസ്ഥാനസവിശേഷത. നാണയകറൻസി വ്യവസ്ഥകൾ ഓരോന്നും പരസ്പരം അടുത്ത ബന്ധം പുലർത്തിയിരുന്നു. പക്ഷെ 70 കൾ മുതൽ ആ കാലം അവസാനിച്ചു. പിന്നീടുള്ള കാലഘട്ടമാണ് ആഗോളവൽക്കരണം എന്ന് വിളിക്കപ്പെട്ടത്. യഥാർത്ഥത്തിൽ സാർവ്വദേശീയാടിസ്ഥാനത്തിലുള്ള ഉൽഗ്രഥനം കൂടുതൽ വേഗത്തിൽ നടന്നിട്ടുള്ളത് ഒന്നാം ഘട്ടത്തിലായിരുന്നു. പക്ഷെ ഇപ്പോൾ നിലവിലുള്ള ആഗോളവൽക്കരണം എന്ന പദം ഒരു പ്രചാരണം മാത്രമാണ്. നിയോലിബറൽ ആഗോളവൽക്കരണം എന്ന് അത് വിവക്ഷിക്കപ്പെടുന്നുവെന്നുമാത്രം. വാസ്തവത്തിൽ ഈ രണ്ട് ഘട്ടങ്ങളും തമ്മിൽ വളരെയേറെ വ്യത്യസ്ഥസ്വഭാവങ്ങൾ ഉൾക്കൊള്ളുന്നു. സാമ്പത്തിക ശാസ്ത്രജ്ഞന്മാർ ആദ്യത്തേതിനെ സുവർണ്ണഘട്ടമെന്ന് വിളിക്കുമ്പോൾ (ബ്രട്ടൻവുഡ് ഘട്ടം) രണ്ടാമത്തേതിനെ (നിയോലിബറലിസത്തെ) കറുത്തീയഘട്ടമെന്ന് വിളിക്കും. സമ്പദ് ശാസ്ത്രത്തിനെ സ്ഥൂലസൂചികകൾ വെച്ച് നോക്കുമ്പോൾ നമ്മൾ കാണുന്നതും അതാണ്. ആഗോളവൽക്കരണഘട്ടത്തിൽ ഈ സ്ഥൂലസൂചികകൾക്കാകെ ഇടിവ് തട്ടുന്നു. വളർച്ചാനിരക്ക് ഉൽപാദനക്ഷമതാനിരക്ക്, മൂലധനനിക്ഷേപത്തിന്റെ തോത് ഇവയെല്ലാം താഴോട്ടാണ്. പലിശനിരക്ക് മേല്പോട്ട് പോയിട്ടുണ്ടെങ്കിൽ, അതിന് കാരണം ദക്ഷിണാർദ്ധഗോളത്തിലെ രാജ്യങ്ങൾക്ക് അവയുടെ കറൻസികൾ സംരക്ഷിക്കേണ്ടതുള്ളതിനാലാണ്. അതിനാൽ മൊത്തത്തിൽ വളർച്ചാമാന്ദ്യവും സാമ്പത്തിക അസ്ഥിരതയും മറ്റനേകം പ്രതികൂലഫലങ്ങൾ ഉളവാക്കിക്കൊണ്ട് തുടരുകയാണ്.

ആഗോളവൽക്കരണം ഒരുവശത്ത് വമ്പിച്ച സാമ്പത്തിക അഭിവൃദ്ധിയും മറുവശത്ത് വർദ്ധിച്ച അസമത്വവും ഉണ്ടാക്കിയിരിക്കുന്നതിനെ നാം എങ്ങിനെ ശരിയായ രാതിയിൽ കൈകാര്യം ചെയ്യുമെന്ന പ്രശ്നത്തിലേക്ക് നോക്കാം. ഏവരെയും കുഴക്കുന്ന ഒരു സന്നിഗ്ദ്ധതയാണ് ഇത്. പക്ഷെ ഇതിന് ഉത്തരമില്ല. കാരണം, ഉണ്ടെന്ന കരുതുന്ന സാമ്പത്തികഭിവൃദ്ധി ഒരു മിഥ്യയാണ്. അംഗീകൃതമായ സ്ഥൂലമാനദണ്ഡങ്ങളിൽത്തന്നെ സാമ്പത്തികാഭിവൃദ്ധി ഒരു കെട്ടുകഥയാണ്. ഈറ്റ്വെൽ, ടെയ്‌ലർ തുടങ്ങിയ സാമ്പത്തിക വിദഗ്ദ്ധർ വളർച്ചയില്ലായ്മയെ വിലയിരുത്തുന്നത് മൂലധനത്തിന്റെ അനിയന്ത്രിതമായ ഒഴുക്കിന്റെ ഫലം എന്ന നിലക്കാണ്. നിങ്ങൾക്ക് വേണമെങ്കിൽ അവരുമായി തർക്കിക്കാം. സാർവ്വദേശീയ സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് വളരെക്കുറച്ചുമാത്രം മനസ്സിലാക്കപ്പെട്ടതിനാൽ സാന്ദർഭികമായ കാര്യകാരണബന്ധങ്ങൾ വാദിച്ചുറപ്പിക്കാൻ പ്രയാസമായിരിക്കും. പക്ഷെ അത്തരം കാര്യങ്ങൾ കൂടി ഉണ്ടെന്നത് തീർച്ചയാണ്. ധാരാളം വസ്തുകൾ അവഗണിക്കാനാവാത്തവിധത്തിൽ തെളിഞ്ഞുകിടപ്പുണ്ട്.

(തുടരും)


## സന്നദ്ധ പ്രവർത്തകരെ ആവശ്യമുണ്ട്

സാമൂഹ്യരംഗത്തെ അറിയാനും പഠിക്കാനും താല്പര്യമുള്ളവർക്ക് അപൂർവ്വാവസരം. പരിസ്ഥിതി, കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, മനുഷ്യാവകാശം, ആദിവാസി, ദളിത്, സ്ത്രീ നീതി തുടങ്ങിയ മേഖലകളെക്കുറിച്ച് ആഴത്തിലുള്ള അറിവും സാമൂഹ്യപ്രവർത്തനം, കമ്പ്യൂട്ടർ പരിചയം, പത്രപ്രവർത്തനം, യാത്രകൾ, സിനിമ എന്നീ രംഗങ്ങളിൽ നേരിട്ടുള്ള പരിശീലനവും ലഭിക്കും. ആറുമാസമെങ്കിലും തുടരാൻ ആഗ്രഹിക്കുന്നവർ മാത്രം എന്തുകൊണ്ട് സന്നദ്ധ പ്രവർത്തനം നടത്താൻ താല്പര്യപ്പെടുന്നു എന്നതിനെക്കുറിച്ച് രണ്ട് പേജിൽ കുറയാതെ എഴുതി അയയ്ക്കുക.

കേരളീയം
കൊക്കാലെ, തൃശൂർ-21.
0487-2421385, 9446576943